ക്രിസ്മസിനെ വരവേറ്റുള്ള നോമ്പാചരണത്തിന് തുടക്കമായി

ആലക്കോട്: ഉണ്ണിയേശുവിന്റെ തിരുപിറവിയെ അനുസ്മരിച്ചുള്ള ക്രിസ്മസിനെ വരവേറ്റുള്ള 25 നോമ്പാചരണത്തിന് തുടക്കമായി. ക്രൈസ്തവ ദേവാലയങ്ങളിലും വീടുകളിലും പ്രത്യേക പ്രാർത്ഥനകളോടെയാണ് വിശ്വാസികൾ നോമ്പാചരണം കൊണ്ടാടുന്നത്. ക്രിസ്മസ് സന്ദേശമുയർത്തിയുള്ള വിവിധ പരിപാടികളും ദേവാലയങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്നുണ്ട്.

വെള്ളാരംപാറ മഹല്ല് ജമാഅത്ത് ഹുബ്ബുന്നബി സമ്മേളനത്തിൽ സുബൈർ സഖാഫി പുത്തൻതെരു പ്രഭാഷണം നടത്തുന്നു

ബൈത്തുറഹ്മ കട്ടില വെക്കൽ കർമ്മം നടന്നു

തളിപ്പറമ്പ: ഹൈവേ വാർഡ് മുസ്ലിംലീഗും യൂത്ത്ലീഗും സംയുക്തമായി നിർമ്മിച്ച് നൽകുന്ന ബൈത്തുറഹ്മയുടെ കട്ടിലവെക്കൽ കർമ്മം മണ്ഡലം മുസ്ലിംലീഗ് ജന. സെക്രട്ടറി പി.മുഹമ്മദ്ഇഖ്ബാൽ നിർവഹിച്ചു. സി.പി.വി.അബ്ദുള്ള, കൊടിയിൽ സലീം, പി.പി.മുഹമ്മദ് നിസാർ, എൻ.യു.ഷഫീഖ് മാസ്റ്റർ, ഓലിയൻ ജാഫർ, കെ.പി.യൂനുസ്, നാസർ ഹൈവേ, എ.പി.ഇബ്രാഹിം, എ.പി.റഷീദ്, സൈനുദ്ദീൻ ഹാജി, കെ.പി.മുസ്തഫ, പി.പി.ജബ്ബാർ സംബന്ധിച്ചു. അബ്ദുറഹ്മാൻ ദാരിമി അരിയിൽ പ്രാർത്ഥന നടത്തി.

ബൈത്തുറഹ്മയുടെ കട്ടിലവെക്കൽ കർമ്മം തളിപ്പറമ്പ മണ്ഡലം മുസ്ലിംലീഗ് ജനറൽ സെക്രട്ടറി പി.മുഹമ്മദ് ഇഖ്ബാൽ നിർവഹിക്കുന്നു

ജനകീയ പരിസ്ഥിതി പഠനം ആരംഭിച്ചു

പയ്യന്നൂർ: പയ്യന്നൂർ കണ്ടങ്കാളി പുഞ്ചക്കാട് റെയിൽവെ ഗെയ്റ്റ് മുതൽ കുഞ്ഞിമംഗലം ചങ്കുരിച്ചാൽ വരെ കവ്വായി കായിലിനോട് ചേർന്ന 75 ഏക്കർ നെൽവയലും 50 ഏക്കർ കണ്ടൽ വനങ്ങളും തണ്ണീർത്തടവും നികത്തി വൻകിട പെട്രോളിയം സംഭരണ പദ്ധതി നടപ്പാക്കാനുള്ള നീക്കത്തെ പ്രതിരോധിക്കാൻ പുഞ്ചക്കാട് ജനരക്ഷാ സമിതിയുടെ നേതൃത്വത്തിൽ ജനകീയ പരിസ്ഥിതി പഠനം ആരംഭിച്ചു. ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്റ്റ് റിസർച്ച് ആന്റ് എഡ്യുക്കേഷൻ (ഐ.സി.എഫ്.ആർ.ഇ) കോയമ്പത്തൂരിലെ ശാസ്ത്രജ്ഞൻ ഡോ.സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. പുഞ്ചക്കാട് വൈ.എം.ആർ.സി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ജനരക്ഷാ സമിതി ചെയർമാൻ വിക്ടർ ടി.എം. അധ്യക്ഷത വഹിച്ചു. ടി.പി.പത്മനാഭൻ മാസ്റ്റർ, ഡോ.ഇ.ഉണ്ണികൃഷ്ണൻ, പി.പി. ജനാർദ്ദനൻ, ടി.പി.അനിൽകുമാർ സംസാരിച്ചു.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് നിന്നും 17 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്ത് നടത്തുന്ന പഠനത്തിൽ വിവിധ വിഷയങ്ങളിൽ വിദഗ്ധരായ ഗവേഷകരും ശാസ്ത്രജ്ഞരും പങ്കെടുക്കും. ഡോ.ഇ.ഉണ്ണികൃഷ്ണൻ പഠന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

എൽ.ഐ.സിയിൽ നിന്നും വിരമിക്കുന്ന അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ ശ്രീകുമാറിന് വൈസ്മെൻ തളിപ്പറമ്പ സിറ്റി ക്ലബിന്റെ ഉപഹാരം പ്രസിഡണ്ട് അഡ. എം.കെ. വേണുഗോപാൽ നൽകുന്നു

ഉപന്യാസ രചനാ മൽസരവും ക്വിസ് മൽസരവും നടക്കും

കണ്ണൂർ: കേരള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേർസ് അസോസിയേഷന്റെ 58-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് മൃഗപരിപാലനം-ഇന്നലെ ഇന്ന് നാളെ എന്ന വിഷയത്തിൽ ഉപന്യാസ രചനാ മൽസരവും ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മൃഗപരിപാലന മേഖലയിലെ അറിവുകൾക്ക് പ്രാധാന്യം നൽകി ജനറൽ ക്വിസ് മൽസരവും നടത്തും. പത്തിന് രാവിലെ പത്ത് മണിക്ക് കണ്ണൂർ കോളേജ് ഓഫ് കൊമേഴ്സിൽ നടത്തുന്ന മൽസരത്തിൽ പങ്കെടുക്കുന്നതിന് താൽപ്പര്യമുള്ള വിദ്യാർത്ഥികൾ 9495102722, 9847936691 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യണം.

തിരുബാല സഖ്യം കലോത്സവത്തിൽ ഒന്നാംസ്ഥാനം നേടിയ മേരിഗിരി ടീം.

തിരുബാല സഖ്യം കലോത്സവം: മേരിഗിരിക്ക് ഒന്നാംസ്ഥാനം

തേർത്തല്ലി: രയരോം സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ നടന്ന മേരിഗിരി മേഖലാതല തിരുബാല സഖ്യം കലോത്സവത്തിൽ മേരിഗിരി ഇടവക ഒന്നാംസ്ഥാനം നേടി. രയരോം, കാര്യപ്പള്ളി ഇടവകകൾ രണ്ടാംസ്ഥാനം പങ്കിട്ടു. മേരിഗിരി ഫൊറോന വികാരി ഫാ. ജോസ് കളരിക്കൽ സമ്മാനദാനം നിർവഹിച്ചു.

അജ്മാനിൽ നടന്ന കുപ്പം സൂപ്പർ ലീഗിൽ ചാമ്പ്യൻമാരായ ബ്ലാസ്റ്റേർസ് ഷാർജ ടീം ട്രോഫിയുമായി

പട്ടികജാതി വർഗക്കാരുടെ ഭവന നിർമ്മാണ പദ്ധതി അട്ടിമറിക്കരുത്

കണ്ണൂർ: കേരളത്തിലെ പട്ടികജാതി വർഗ്ഗക്കാരുടെ ഭവന നിർമ്മാണ പദ്ധതി, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാർക്ക് ജനോപകാരപ്രദമല്ലാത്ത ഭവനം നൽകി പട്ടികജാതി-പട്ടികവർഗ്ഗക്കാരെ വഞ്ചിക്കരുതെന്നും മുൻകാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്ന സ്ഥലവും വീടും നൽകുന്ന പദ്ധതി തന്നെ നടപ്പാക്കണമെന്നും ഭാരതീയ പട്ടികജനസമാജം കണ്ണൂരിൽ ചേർന്ന യോഗം ആവശ്യപ്പെട്ടു. ആറിന് കണ്ണൂർ പഴയ ബസ്സ്റ്റാന്റ് റെയിൻബോ ടൂറിസ്റ്റ് ഹോമിൽ അംബേദ്കർ ചരമദിനം ആചരിക്കും. അനന്തൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യും.

എം.ജി.എം ജില്ലാ സമ്മേളനം കണ്ണൂരിൽ സംസ്ഥാന പ്രസിഡണ്ട് സുഹറ മമ്പാട് ഉദ്ഘാടനം ചെയ്യുന്നു.

ഭീകരതയെ ഉന്മൂലനം ചെയ്യാൻ സ്ത്രീകൾ രംഗത്തിറങ്ങണം: എം.ജി.എം

കണ്ണൂർ: ഭീകരവാദത്തെ ഉൻമൂലനം ചെയ്യാൻ സ്ത്രീ സമൂഹം രംഗത്തിറങ്ങണമെന്ന് മുസ്ലിം ഗേൾസ് ആന്റ് വിമൻസ് മൂവ്മെന്റ് (എം.ജി.എം) സമ്മേളനം ആഹ്വാനം ചെയ്തു. ഭീകരതയുടെ ഇപകളും പീഡിതരും സ്ത്രീ സമൂഹമാണ്. യഥാർത്ഥ മതം ഭീകരതയ്ക്കും തീവ്രവാദത്തിനുമെതിരാണെന്ന സന്ദേശം കുടുംബങ്ങളിൽ പ്രചരിക്കപ്പെടണം. സ്ത്രീ ശാക്തീകരണങ്ങളിലൂടെ മാത്രമെ അന്ധവിശ്വാസങ്ങളുടെയും തീവ്രവാദങ്ങളുടെയും കരാള ഹസ്തങ്ങളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കാൻ സാധിക്കുകയുള്ളൂ. അപകടാതികളായ പ്രഭാഷകരുടെ വൈകാരിക സംസാരങ്ങളിൽ സ്ത്രീകൾ കബളിപ്പിക്കപ്പെടാനുള്ള സാധ്യതയേറെയാണ്.

എം.ജി.എം സംസ്ഥാന പ്രസിഡണ്ട് സുഹറ മമ്പാട് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പ്രസിഡണ്ട് ഫൂആദ സക്കരിയ്യ അധ്യക്ഷത വഹിച്ചു. ആയിഷ ചെറുമുക്ക്, ഖദീജ ഇഖ്ബാൽ, അബ്ദുറഹ്മാൻ ഫാറൂഖി പൊൻമള, നാസർ ഫാറൂഖി ചേളാരി പ്രസംഗിച്ചു. വനിതാ സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച എം.എസ്.എം ബാലവേദിയുടെ കളിച്ചങ്ങാടത്തിന് കബീർ കരിയാട്. ഇസ്മായിൽ ഫാറൂഖി, പ്രൊഫ. അബ്ദുൽഷുക്കൂർ സ്വലാഹി ചെറുപ്പറമ്പ്, നൗഷാദ് സ്വലാഹി, മൂസ കീഴ്പ്പള്ളി, സി.ഒ.ടി.മുഹമ്മദ് അക്രം, അഫ്സൽ കയ്യങ്കോട്, സഫ്വാൻ ചാലാട്, അജ്മൽ മുണ്ടേരി, ശരീഫ് ഒതായി, അൻസാർ ഉളിയിൽ നേതൃത്വം നൽകി. കളിച്ചങ്ങാടം വിജയികൾക്ക് കെ.എൻ.എം സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എ.അസ്ഗറലി സാഹിബ് സമ്മാനദാനം നടത്തി.

ബേങ്ക് സർവീസിൽ നിന്ന് വിരമിച്ചവർക്ക് യാത്രയയപ്പ് നാളെ

തളിപ്പറമ്പ: ബേങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ബെഫി) തളിപ്പറമ്പ ഏരിയാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബേങ്ക് സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് നൽകുന്ന യാത്രയയപ്പ് യോഗം നാളെ നടക്കും. പി.വി. കുഞ്ഞിരാമൻ (ജില്ലാ ബേങ്ക്), വി.പി. കുഞ്ഞിക്കണ്ണൻ (കേരള ഗ്രാമീൺ ബേങ്ക്), വി. പ്രഭാകരൻ (കേരള ഗ്രാമീൺ ബേങ്ക്) എന്നിവർക്കാണ് യാത്രയയപ്പ് നൽകുന്നത്. നാളെ വൈകീട്ട് 5.30ന് തളിപ്പറമ്പ അധ്യാപക ഭവനിലാണ് ചടങ്ങ് നടക്കുക. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത ഉദ്ഘാടനം ചെയ്യും. ബെഫി ഏരിയാ പ്രസിഡണ്ട് കെ.ജെ. സെബാസ്റ്റ്യൻ അധ്യക്ഷനാകും. സംസ്ഥാന കമ്മിറ്റിയംഗം ടോമി മൈക്കിൾ ഉപഹാരം വിതരണം ചെയ്യും. കെ.എം ചന്ദ്രബാബു സ്വാഗതവും പി.പി. സന്തോഷ്കുമാർ നന്ദിയും പറയും.

പയ്യന്നൂർ കണ്ടങ്കാളി വയലിൽ ജനരക്ഷാ സമിതി പുഞ്ചക്കാടിന്റെ നേതൃത്വത്തിൽ വിത്തുകൾ നടന്നു

പെട്രോളിയം സംഭരണ പദ്ധതിക്കെതിരെ നാട്ടുകാർ സമരം നടത്തി

പയ്യന്നൂർ: പെട്രോളിയം സംഭരണ പദ്ധതിക്കായി നെൽവയലും തണ്ണീർത്തടവും വിട്ടുതരില്ലെന്ന പ്രഖ്യാപനവുമായി പയ്യന്നൂർ കണ്ടങ്കാളി തലോത്ത് വയലിൽ ജനരക്ഷാസമിതി പുഞ്ചക്കാടിന്റെ നേതൃത്വത്തിൽ നാട്ടുകാർ സമരം നടത്തി. കർഷക തൊഴിലാളികളും സ്ത്രീകളും കുട്ടികളും അടക്കം നൂറിലേറെ പേർ പങ്കെടുത്തു. പത്തേക്കർ വയലിൽ ഉഴുന്ന്, മുതിര, പയർ എന്നിവ വിതച്ചു.

മുതിർന്ന കർഷക തൊഴിലാളികളായ പി.വി. കാർത്ത്യായനി, എ.ദാക്ഷായണി, ടി.പത്മിനി, മാടക്ക ജാനകി, റോസ ലൂക്കോസ്, പരത്തി രവി, മാടക്ക നാരായണൻ എന്നിവർ ചേർന്ന് വിത്തുത്സവം ഉദ്ഘാടനം ചെയ്തു. ജനരക്ഷാ സമിതി ചെയർമാൻ ടി.എം.വിക്ടർ, കൺവീനർ കെ.പി.അനീഷ്, കെ.വി.അനിൽകുമാർ, എം.ക്ലമെന്റ്, എം.സുധാകരൻ, പി.ബാബുരാജ്, പി.പി. ജനാർദ്ദനൻ, എം.പ്രീയൻ, അരുൺ, സജിത തമ്പാൻ, എം.കമലം, ഷീജ സഹദേവൻ, ലീല രവീന്ദ്രൻ, എം.ശാന്ത നേതൃത്വം നൽകി.

സീക്ക് ഡയറക്ടർ പി.പി.പത്മനാഭൻ മാസ്റ്റർ, ഡോ.ഇ.ഉണ്ണികൃഷ്ണൻ സംസാരിച്ചു. ഇ.പത്മിനിയുടെ നേതൃത്വത്തിൽ നാട്ടിപ്പാട്ട് അരങ്ങേറി.

ഞാറ്റുവയൽ ഫുട്ബോൾ ലീഗിൽ ഒന്നും രണ്ടും സ്ഥാനം നേടിയ ടീമുകൾ

കുപ്പം സൂപ്പർലീഗ് ബ്ലാസ്റ്റേർസ് ഷാർജ ചാമ്പ്യൻമാർ

ദുബൈ: കുപ്പം ഡിഫന്റേഴ്സ് അജ്മാനിൽ സംഘടിപ്പിച്ച കുപ്പം സൂപ്പർ ലീഗിൽ ഷാർജ ബ്ലാസ്റ്റേർസ് എഫ്.സി ചാമ്പ്യൻമാരായി. ടിങ്കിൾ എഫ്.സിയെ ടൈബ്രേക്കറിലൂടെയാണ് ബ്ലാസ്റ്റേർസ് പരാജയപ്പെടുത്തിയത്. മികച്ച താരമായി റാഫിയെയും ഗോൾകീപ്പറായി ഹംസ കടുവയെയും ഡിഫന്ററായി അശ്റഫിനെയും തിരഞ്ഞെടുത്തു. അനസ് ടോപ്പ് സ്കോററായി. എൻ.യു.ഉമ്മർകുട്ടി, യു.എം.ഷറഫുദ്ദീൻ, യൈംബീസ് അശ്റഫ്, യു.എം.മായിൻ, കെ.ടി.മുഹമ്മദ്കുഞ്ഞി, പി.എം.ഇല്ല്യാസ് തുടങ്ങിയവർ ട്രോഫികൾ വിതരണം ചെയ്തു.

കളിയോടനുബന്ധിച്ച് ബാന്റ് വാദ്യങ്ങളുടെ അകമ്പടിയോടെ ഘോഷയാത്രയും സംഘടിപ്പിച്ചിരുന്നു.

മെഹറിൻ നറുക്കെടുപ്പ് ഇന്ന്

തളിപ്പറമ്പ: മെഹറിൻ പർദ്ദാസിന്റെ ഉദ്ഘാടന ഓഫർ സമ്മാന കൂപ്പൺ നറുക്കെടുപ്പ് ഇന്ന് വൈകുന്നേരം 5.30ന് ഷോപ്പിൽ വെച്ച് മുനിസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിക്കും. ഒന്നാം സമ്മാനം 3000 രൂപയുടെ പർച്ചേസ് കൂപ്പൺ, രണ്ടാം സമ്മാനം 2000 രൂപയുടെ പർച്ചേസ് കൂപ്പൺ, മൂന്നാം സമ്മാനം 1000 രൂപയുടെ പർച്ചേസ് കൂപ്പൺ എന്നിവയാണ്.

ചെങ്ങളായി റോഡരുകിൽ കുന്നിടിക്കുന്നു

ചെങ്ങളായിലും ശ്രീകണ്ഠപുരത്തും പൊടിയിൽ കുളിച്ച് വ്യാപാരികൾ

ശ്രീകണ്ഠപുരം: അനധികൃത കുന്നിടിക്കലും മണ്ണ് കടത്തലും തകൃതിയായതോടെ വ്യാപാരികൾക്ക് ദുരിതം. ചെങ്ങളായി, ശ്രീകണ്ഠപുരം മേഖലയിലാണ് പൊടിശല്യം കാരണം വ്യാപാരികൾ ദുരിതത്തിലായത്. റവന്യൂ വകുപ്പിന്റെ ഒത്താശയിൽ പലയിടത്തും കുന്നിടിക്കൽ വ്യാപിച്ചതോടെ കച്ചവട സ്ഥാപനങ്ങളിൽ ഇരിക്കാനാവാത്ത സ്ഥിതിയാണുള്ളതെന്ന് വ്യാപാരികൾ പറയുന്നു. പൊടി നിറയുന്നതിനാൽ സാധനങ്ങൾ വിൽക്കാൻ പറ്റാത്ത അവസ്ഥയുമുണ്ടത്രെ. പൊടിശല്യം ഒട്ടേറെ അസുഖങ്ങൾക്കും കാരണമാവുന്നുണ്ട്. മലയോരത്ത് വ്യാപകമായി കുന്നുകളിടിച്ച് മണ്ണ് കടത്തി വിൽക്കുന്നുണ്ട്. വൻ വിലയീടാക്കിയാണ് മണ്ണ് വിൽക്കുന്നത്. കുന്നിടിക്കൽ കാരണം കുടിനീർ ക്ഷാമമുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

റെഡ് ഈസ് ബ്ലഡ് കേരളയുടെ സംസ്ഥാന സെക്രട്ടറി *സുധീഷ് പരിയാരത്തിന് തളിപ്പറമ്പ പ്രസ് ഫോറം പ്രസിഡണ്ട് എ.കെ. മനോഹരൻ ഉപഹാരം നൽകുന്നു*

ഭീകര- വർഗീയ വിരുദ്ധ ദിനമായി ആചരിക്കും

തളിപ്പറമ്പ: ബാബറി മസ്ജിദ് തകർത്ത് 25 വർഷം തികയുന്ന നാളെ മുസ്ലിംലീഗ് ഭീകര-വർഗീയ വിരുദ്ധ ദിനമായി ആചരിക്കും. ഫാസിസ്റ്റ് ശക്തികളെ ഇല്ലായ്മ ചെയ്യാൻ മതേതരത്വം നിലനിർത്താൻ നമുക്കൊന്നായി പോരാടാം എന്ന മുദ്രാവാക്യമുയർത്തി നാളെ വൈകീട്ട് നാലിന് മന്നയിൽ യോഗം ചേരും.

സുധീഷ് പരിയാരത്തെ അനുമോദിച്ചു

പരിയാരം: ഫാത്തിമ ലൈബയെന്ന പിഞ്ചുകുഞ്ഞിന്റെ ഹൃദയം നിലയ്ക്കാതിരിക്കാൻ പരിയാരം മെഡി. കോളേജിൽ നിന്ന് തിരുവനന്തപുരം ശ്രീചിത്രയിലേക്ക് ആംബുലൻസിന് മാർഗ്ഗ തടസങ്ങൾ നീക്കി സഹായിച്ച റെഡ് ഈസ് ബ്ലഡ് കേരളയുടെ സംസ്ഥാന സെക്രട്ടറി സുധീഷ് പരിയാരത്തെ തൊണ്ടന്നൂർ മാതൃക സാന്ത്വന സംഘം അനുമോദിച്ചു. തളിപ്പറമ്പ പ്രസ് ഫോറം പ്രസിഡണ്ട് എം.കെ.മനോഹരൻ ചടങ്ങ് ഉദ്ഘാടനവും ഉപഹാര വിതരണവും നിർവഹിച്ചു. കെ.പ്രകാശൻ അധ്യക്ഷത വഹിച്ചു. എം.ടി.മനോഹരൻ, സൗമിനി നാരായണൻ, വത്സൻ അഞ്ചാംപീടിക, കെ.സുരേഷ്, സദാശിവൻ ഇരിങ്ങൽ, വിധു പരിയാരം പ്രസംഗിച്ചു. വി.വി.വേണുഗോപാൽ സ്വാഗതവും എ.ശ്രീകുമാർ നന്ദിയും പറഞ്ഞു. സുധീഷ് പരിയാരം മറുപടി പ്രസംഗം നടത്തി.

മണക്കടവ് ശ്രീപുരം സ്കൂളിന് ഒന്നാംസ്ഥാനം

മണക്കടവ്: കോഴിക്കോട് നടന്ന സംസ്ഥാന സ്കൂൾ ശാസ്ത്ര-ഗണിതശാസ്ത്ര മേളയിൽ ഹൈസ്കൂൾ വിഭാഗം ഗണിതശാസ്ത്ര മാഗസിൻ മത്സരത്തിൽ മണക്കടവ് ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ തയ്യാറാക്കിയ മാഗസിൻ എ ഗ്രേഡോടെ ഒന്നാംസ്ഥാനം നേടി. ആഷിക മാർട്ടിൻ, മാളവിക മനോജ്, എ.എസ്.അശ്വതി, കെ.ബി.നിഖിത, ഋതിക വിനോഷ്, ആനന്ദ് വി.രാജ്, ജുബിയ റോമിയോ, സാന്ദ്ര സജീവ് എന്നീ വിദ്യാർത്ഥികളാണ് ഒന്നാം സമ്മാനാർഹമായ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ചത്. ഹെഡ്മാസ്റ്റർ കെ.പി.അബ്ദുൾറഷീദ്, അധ്യാപകരായ ഡോ.ബിനീഷ് ജോൺ, എൻ.കെ.നജ്മ, വി.ആർ.ശ്രീജ എന്നിവരും പ്രവർത്തനങ്ങളിൽ പങ്കാളികളായി.

വിവാഹ സ്ഥലത്തെ മാലിന്യങ്ങൾ പുഴയിലേക്ക് തള്ളി

ആലക്കോട്: വിവാഹ വീട്ടിൽ നിന്നുള്ള മാലിന്യങ്ങൾ കൂട്ടത്തോടെ രയരോം പുഴയിലേക്ക് തള്ളിയ സാമൂഹ്യവിരുദ്ധരുടെ നടപടി ജനങ്ങൾക്ക് ദുരിതമായി. കഴിഞ്ഞ ദിവസം രാത്രിയിലാണ് സംഭവം. ഏതോ വിവാഹസൽക്കാരവുമായി ബന്ധപ്പെട്ട് ബാക്കി വന്ന ഭക്ഷണ അവശിഷ്ടങ്ങളും പാത്രങ്ങളും കോഴിമാലിന്യങ്ങളുമാണ് പ്ലാസ്റ്റിക് കൂടുകളിലാക്കി പുഴയിലേക്ക് തള്ളിയത്. രയരോം പാലത്തിന് സമീപത്തായുള്ള മാലിന്യ നിക്ഷേപം കടുത്ത ദുർഗന്ധമാണ് പരിസരത്ത് വിതയ്ക്കുന്നത്. വാഹനങ്ങളിലെത്തി വൻതോതിൽ മാലിന്യങ്ങൾ പുഴയിലേക്ക് തള്ളുന്നത് രയരോത്ത് തുടർക്കഥയായി മാറിയിരിക്കുകയാണ്.

സംസ്ഥാന സ്കൂൾ ഗണിതശാസ്ത്ര മേളയിൽ ഒന്നാംസ്ഥാനം നേടിയ മാഗസിൻ തയ്യാറാക്കിയ മണക്കടവ് ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ അധ്യാപകർക്കൊപ്പം

യാത്രയയപ്പ് നൽകി

ആലക്കോട്: 39 വർഷത്തെ സേവനത്തിന് ശേഷം തപാൽ സർവീസിൽ നിന്നും വിരമിച്ച ആലക്കോട് പോസ്റ്റ് ഓഫീസിലെ പോസ്റ്റ്മാൻ കെ.കെ.ശശിധരൻ നായർക്ക് സഹപ്രവർത്തകർ യാത്രയയപ്പ് നൽകി.

പി.കെ.ഷാജി അധ്യക്ഷത വഹിച്ചു. പോസ്റ്റ്മാസ്റ്റർ കെ.കെ. ജോർജ് ഉപഹാരം നൽകി. ജോണി ദേവസ്യ, വി.എം.മാത്യു. കെ.ജി.രാധാകൃഷ്ണൻ പ്രസംഗിച്ചു. എസ്.ബി.മുരളീധരൻ സ്വാഗതവും എം. ജെ. ജോസഫ് നന്ദിയും പറഞ്ഞു.

വാഹന ഉടമകളുടെ ശ്രദ്ധയ്ക്ക്

ഗ്ലാസിൽ പറ്റിപ്പിടിച്ചിരിക്കുന്ന ബോർവെൽ വെള്ളത്തിന്റെ കറകൾ 100% പൂർണ്ണമായും റിമൂവ് ചെയ്ത് കൊടുക്കുന്നു.

Shine
Old RTO Office Building
Katty Complex
Manna, Taliparamba
Mob: 9846448984

ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്

തളിപ്പറമ്പ- മന്ന ആലക്കോട് റോഡിൽ പ്രവർത്തനമാരംഭിക്കുന്ന ടോയ്സ് ആന്റ് കിഡ്സ്വെയർ ഷോപ്പിലേക്ക് ലേഡി സ്റ്റാഫിനെ ഉടൻ ആവശ്യമുണ്ട്. പരിസരത്തുള്ള വർക്ക് മുൻഗണന.

9744475258
9207474494